# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 361

## 26.04.2017 ലെ മറുപടിക്ക്

## എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്ത് പണികൾ

| | ചോദ്യം<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ; | പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ട്. |
| (ബി) | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഉണ്ട്. പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സർക്കാർ സ്ഥാപനങ്ങൾ മുഖേനയോ സർക്കാർ അംഗീകരിച്ചിട്ടുള്ള സർക്കാരിതര സ്ഥാപനങ്ങൾ മുഖേനയോ ആണ് നടപ്പിലാക്കേണ്ടതെന്ന് നിഷ്കർച്ചിട്ടുണ്ട്. എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ലാഭകരമായും വേഗത്തിലും നടപ്പിലാക്കുന്നതിന് ഗുണഭോക്തൃ സമിതികൾ മുഖേനയാണ് ജില്ലാ കളക്ടർമാർ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. അത്തരം ഗുണഭോക്തൃ സമിതികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ കോൺട്രാക്ടർമാർക്കുള്ള ലാഭം ഉൾപ്പെടുത്താറില്ല. ഇക്കാര്യം 29.02.2016-ലെ സ.ഉ.(പി) നം. 30/2016/ധന ഉത്തരവിൽ വീണ്ടും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 29.03.2017-ലെ 18/2017/ധന സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മേൽ ഉത്തരവ് ബാധകമാക്കി കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Abstract

Finance Department- Execution of Public Works- Guidelines on estimate preparation using PRICE Software etc.-Orders issued

---

**FINANCE (INDUSTRIES & PUBLIC WORKS - B) DEPARTMENT**

G.O.(P)No.30/2016/Fin Dated, Thiruvananthapuram, 29/02/2016

---

Read:- 1.G.O.(P) No. 498 /15/Fin dated 03.11.2015.

2.Minutes of the meeting on revision of PWD Manual & implementation of PRICE Software held by Additional Chief Secretary with Chief Engineers on 13.10.2015, 24.11.2015 & 30.11.2015.

## ORDER

Government vide reference I[st] cited have ordered that estimate preparation of all Engineering Departments shall be done using PRICE (Project Information & Cost Estimation) Software from I[st] October 2015 to ensure uniformity in preparation of engineering estimates across all departments. While reviewing the progress of its implementation, vide reference 2[nd] cited, Chief Engineers have suggested certain modifications in the estimate preparation process. Government have examined these suggestions in detail and pleased to issue the following guidelines.

1. Hereafter all works having estimate cost exceeding Rs. 5 lakh shall be tendered on item rate basis only to enhance transparency and to facilitate objective tender evaluation.
2. The service tax shall be allowed to be included as a component in the estimate cost of all new works .

3. While preparing the estimates of works proposed to be executed through Beneficiary Committees, contractor's profit shall be excluded but overhead charges @7.5% of the estimates can be allowed. However applicable taxes are to be borne by the Beneficiary Committee.
4. The Contractor's Profit and Overhead charges for bitumen supplied by the contractors can be allowed for the estimates based on MORTH data book and in such cases, the cost of bitumen shall be calculated excluding the cost index.
5. Payment relating to Investigation works and works relating to electronic items are exempted from the purview of LoC system.
6. The LSGD shall also follow the pre-qualification criteria fixed in the revised PWD Manual for high value works.
7. The Superintending Engineers of North and South circles of LSGD are also authorised to issue contractor's license for works executed through LSGD, subject to the provisions contained in PWD Manual.

**By Order of the Governor,**
**Dr. K.M. ABRAHAM**
**ADDITIONAL CHIEF SECRETARY (Finance).**

To

The Accountant General (A&E) Kerala, Thiruvanathapuram
The Accountant General (G&SSA) Kerala, Thiruvanathapuram
The Accountant General (E&RSA) Kerala, Thiruvanathapuram
All Heads of Departments/Offices
Private Secretary to Chief Minister
All Private Secretaries to Ministers
Private Secretary to the Leader of Opposition
All Secretaries to Government
The Secretary, Kerala Public Service Commission, Thiruvananthapuram
The Registrar, University of Kerala/Cochin/Kozhikode/Kottayam

**കേരള സർക്കാർ**

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

# സർക്കുലർ

നമ്പർ. 18/2017/ധന

തിരുവനന്തപുരം, തീയതി : 29.03.2017

വിഷയം: എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ - ഇ-ടെണ്ടർ ചെയ്യുന്നതും പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തുന്നതും സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:
1. സ.ഉ (പി) നമ്പർ 247/2004/ധന തീയതി 27-05-2004
2. സ.ഉ (പി) നമ്പർ 579/2015/ധന തീയതി 19-12-2015
3. സ.ഉ (പി) നമ്പർ 4/2016/ധന തീയതി 13-01-2016
4. സ.ഉ (പി) നമ്പർ 30/2016/ധന തീയതി 29-02-2016
5. തൃശ്ശൂർ ജില്ലാ കളക്ടർക്ക് 24.09.2012 ന് നൽകിയ 73799/എൻ.സി.-ബി1/2012/ ധന നമ്പർ കത്ത്.

സൂചന (2)-ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ എം.പി. ഫണ്ട്/ എം.എൽ.എ. ഫണ്ട്/ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട പതിനഞ്ച് ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സൂചന (3)-ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഒഴികെ സംസ്ഥാനത്തെ മറ്റ് വകുപ്പുകളിൽ 31.03.2016 നകം എഗ്രിമെന്റ് വയ്ക്കേണ്ട പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടിയ്ക്കായി നിശ്ചയിച്ചിട്ടുള്ള പരിധി നിലവിലുള്ള അഞ്ച് ലക്ഷം രൂപയിൽ നിന്നും പതിനഞ്ച് ലക്ഷം രൂപയായി ഉയർത്തിയിരുന്നു. ഈ സാഹചര്യത്തിൽ ഇ-ടെണ്ടറിംഗ് സംബന്ധിച്ച് ജില്ലാ കളക്ടർമാർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

2. സൂചന (5)-ലെ കത്ത് പ്രകാരം എം.എൽ.എ.എസ്.ഡി.എഫിൻ കീഴിലുള്ള പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജ് അനുവദനീയമല്ല. സൂചന (4)-ലെ ഉത്തരവ് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പൊതുപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കോൺട്രാക്ടേഴ്സ് പ്രൊഫിറ്റ് ഒഴിവാക്കേണ്ടതാണെന്നും എന്നാൽ 7.5% നിരക്കിൽ ഓവർഹെഡ് ചാർജ്ജസ് അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുള്ള

സാഹചര്യത്തിൽ എം.എൽ.എ.എസ്.ഡി.എഫ് ന്റെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും സ്പഷ്ടീകരണം തേടിയിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

i. എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പതിനഞ്ച് ലക്ഷം രൂപയിൽ താഴെയാണെങ്കിൽ സൂചന (2) ഉത്തരവിലെ നിബന്ധനകൾ ബാധകമാക്കാവുന്നതാണ്.

ii. ഗുണഭോക്തൃ സമിതികൾ മുഖേന എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിന്റെ 7.5% വരെയുള്ള ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന (4)-ലെ ഉത്തരവ് ബാധകമാക്കാവുന്നതാണ്.

**എസ്.വി. കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

എല്ലാ എം.എൽ.എ മാർക്കും
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Shathal
സെക്ഷൻ ഓഫീസർ

Shathal